പത്തനംതിട്ട ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സണും
പത്തനംതിട്ട ജില്ലാ മജിസ്ട്രേറ്റും കൂടിയായ പത്തനംതിട്ട ജില്ലാ കളക്ടറുടെ നടപടിക്രമം
(ഹാജർ - ഡോ. ദിവ്യ എസ് അയ്യർ ഐ.എ.എസ്)

**Proceedings No:** DCPTA/3182/2021-DM2 തീയതി : 07/10/2021

സർ,

വിഷയം :- ജില്ലാ ദുരന്തനിവാരണ അതോറിറ്റി, പത്തനംതിട്ട - ശബരിമല തീർത്ഥാടനം 2021-2022 - ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നും ശബരിമലയിലേക്കുള്ള റോഡുകളുടെ വശങ്ങളിലും നിലയ്ക്കൽ ബേസ് ക്യാമ്പിലെ പാർക്കിംഗ് സ്ഥലങ്ങളിലും വാഹനങ്ങളുടെ സമീപം ഗ്യാസ് സിലിണ്ടർ ഉപയോഗിച്ച് പാചകം ചെയ്യുന്നത് നിരോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയുടെ 28.09.2021 ലെ ജി1-44498/2021/എൻ നമ്പർ റിപ്പോർട്ട്.

കൊവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ച് 2021-2022 കാലയളവിലെ ശബരിമല തീർത്ഥാടനം നടപ്പാക്കുന്നതിൽ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നും ശബരിമലയിലേക്കുള്ള റോഡുകളുടെ വശങ്ങളിലും നിലയ്ക്കൽ ബേസ് ക്യാമ്പിലെ പാർക്കിംഗ് സ്ഥലങ്ങളിലും വാഹനങ്ങളുടെ സമീപം ഗ്യാസ് സിലിണ്ടർ ഉപയോഗിച്ച് പാചകം ചെയ്യുന്നത് നിരോധിക്കണമെന്ന് പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസ്തുത സാഹചര്യത്തിൽ പത്തനംതിട്ട ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സണും പത്തനംതിട്ട ജില്ലാ മജിസ്ട്രേറ്റും പത്തനംതിട്ട ജില്ലാ കളക്ടറും കൂടിയായ ഡോ. ദിവ്യ എസ് അയ്യർ ഐ.എ.എസ് എന്ന ഞാൻ എന്നിൽ നിക്ഷിപ്തമായ 2005 ലെ ദുരന്തനിവാരണ നിയമത്തിലെ വകുപ്പ് 30 (2) (iii), (v) പ്രകാരം കൊവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ച് 2021-2022 കാലയളവിലെ ശബരിമല തീർത്ഥാടനം നടപ്പാക്കുന്നതിൽ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നും ശബരിമലയിലേക്കുള്ള റോഡുകളുടെ വശങ്ങളിലും നിലയ്ക്കൽ ബേസ് ക്യാമ്പിലെ പാർക്കിംഗ് സ്ഥലങ്ങളിലും വാഹനങ്ങളുടെ സമീപം ഗ്യാസ് സിലിണ്ടർ ഉപയോഗിച്ച് പാചകം ചെയ്യുന്നത് നിരോധിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ചെയർപേഴ്സൺ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി,
ജില്ലാ മജിസ്ട്രേറ്റ് & ജില്ലാ കളക്ടർ, പത്തനംതിട്ട

പകർപ്പ് -

1. കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, തിരുവനന്തപുരം
2. ജില്ലാ പോലീസ് മേധാവി, പത്തനംതിട്ട
3. ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ, റാന്നി
4. ഡെപ്യൂട്ടി ഡയറക്ടർ, പെരിയാർ ടൈഗർ റിസർവ്വ് (വെസ്റ്റ് ഡിവിഷൻ), പീരുമേട്
5. റവന്യൂ ഡിവിഷണൽ ആഫീസർ, തിരുവല്ല/ അടൂർ
6. തഹസിൽദാർ, റാന്നി/ തിരുവല്ല/ കോന്നി/ മല്ലപ്പള്ളി/ അടൂർ/ കോഴഞ്ചേരി
7. ജില്ലാ സപ്ലൈ ആഫീസർ, പത്തനംതിട്ട
8. ജില്ലാ ഫയർ ആഫീസർ, പത്തനംതിട്ട

9. ജില്ലാ ഇൻഫർമേഷൻ ആഫീസർ, പത്തനംതിട്ട
10. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
11. സെക്രട്ടറി, പന്തളം നഗരസഭ/ പത്തനംതിട്ട നഗരസഭ/ അടൂർ നഗരസഭ/ തിരുവല്ല നഗരസഭ
12. എക്സിക്യൂട്ടീവ് ആഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, ശബരിമല
13. കരുതൽ ഫയൽ/ അധിക പകർപ്പ്/ ആഫീസ് പകർപ്പ് (ഡി.എം2)

This is an E-Office Document, does not require Signature in ink.

Digitally signed by DR.DIVYA
S IYER IAS
Date:Thu Oct 07 19:29:49 IST
2021
Reason: Approved